# കേരള ചരിത്രത്തെപ്പറ്റി പാഠ്യ പദ്ധതി തയാറാക്കും: തോമസ് ഐസക്




*കേരള ട്രാവൽ മാർട്ടിലെ മുസിരിസ് പ്രദർശനത്തിൽ നിന്ന്.*

കൊച്ചി: കേരള ചരിത്രത്തെപ്പറ്റി പാഠ്യപദ്ധതി തയാറാക്കുമെന്നു ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്. ഇതിന്റെ ഭാഗമായി ചരിത്ര മ്യൂസിയവും പ്രവർത്തനം ആരംഭിക്കുമെന്നു മന്ത്രി സൂചിപ്പിച്ചു. കേരള ട്രാവൽ മാർട്ടിനോടനുബന്ധിച്ചു 'മുസിരിസ്: കേരളത്തിന്റെ പുരാതന തുറമുഖം' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പൈതൃക ടൂറിസത്തെ വിശാല അർഥത്തിൽ പരിഗണിച്ച് സംസ്കാരം, പാരമ്പര്യം, കല തുടങ്ങിയവ കൂടി ഉൾപ്പെടുത്തണമെന്നും മന്ത്രി നിർദേശിച്ചു.

രണ്ടു ലക്ഷത്തോളം സ്കൂൾ വിദ്യാർഥികൾ മുസരിസ് പൈതൃക പദ്ധതി പ്രദേശം സന്ദർശിച്ചു സ്വയം പഠനം നടത്തുമെന്നാണു പ്രതീക്ഷ. ചരിത്ര മ്യൂസിയത്തിൽ ലൈബ്രറിയും പ്രഫസർമാരുടെ സേവനവുമെല്ലാം ഉറപ്പാക്കും. വിവിധ മേഖലകളിലെ പണ്ഡിതർക്കൊപ്പം വിദേശ സർവകലാശാലകളും മുസിരിസ് പദ്ധതിയിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും തോമസ് ഐസക് അറിയിച്ചു.

പദ്ധതിക്കു കേന്ദ്ര സഹായം ലഭ്യമാക്കുമെന്നു നേരത്തെ ഇന്ത്യ ടൂറിസം റീജനൽ ഡയറക്ടർ സഞ്ജയ് വത്സ് വ്യക്തമാക്കി. ശരിയായ രീതിയിൽ വികസിപ്പിച്ചു ലോകോത്തര നിലവാരമുള്ള പദ്ധതിയായി മുസിരിസിനെ അവതരിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മുസിരിസ് പൈകൃത പദ്ധതിക്ക് 140 കോടിയിലേറെ രൂപയാണു ചെലവു പ്രതീക്ഷിക്കുന്നതെന്നു സംസ്ഥാന ടൂറിസം ഡയറക്ടർ എം. ശിവശങ്കരൻ അറിയിച്ചു. അനുബന്ധ സൗകര്യങ്ങൾക്കായി സ്വകാര്യ മേഖല നടത്തുന്ന മുതൽമുടക്ക് കൂടി പരിഗണിച്ചാൽ ചെലവ് ഇനിയുമുയരും.

പുതുമയുള്ള പദ്ധതിയായി മുസരിസ് വികസിപ്പിച്ചാൽ ചരിത്രത്തിൽ താൽപര്യമുള്ള വിനോദ സഞ്ചാരികളെ വൻതോതിൽ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുമെന്നു കെടിഎം സംഘാടക സമിതി വൈസ് ചെയർമാൻ ഇ.എം. നജീബ് അഭിപ്രായപ്പെട്ടു.

പ്രതിവർഷം ഒരു ലക്ഷം വിദേശ വിനോദ സഞ്ചാരികളെയും വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള നാലു ലക്ഷത്തോളം ആളുകളെയും മുസരിസ് പൈതൃക പദ്ധതിയിലേക്ക് ആകർഷിക്കാനാവുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

ഇന്ത്യയിലെ ആദ്യ ക്രിസ്ത്യൻ, മുസ്‌ലിം പള്ളികളും യൂറോപ്യൻ സ്മാരകവും സ്ഥിതി ചെയ്യുന്ന സ്ഥലമെന്നതാണു മുസിരിസിന്റെ പ്രധാന സവിശേഷതയെന്നു സെമിനാർ നയിച്ച ആർക്കിടെക്റ്റ് ബെന്നി കുര്യാക്കോസ് അഭിപ്രായപ്പെട്ടു. പൈതൃക പദ്ധതി പൂർത്തിയാവുന്നതോടെ സാംസ്കാരിക വിനോദ സഞ്ചാര കേന്ദ്രമെന്ന നിലയിൽ മുസിരിസ് ശ്രദ്ധേയമാവുമെന്നും അദ്ദേഹം പ്രത്യാശിച്ചു.

ക്രിസ്തുവിന് മുമ്പ് ഒന്നാം നൂറ്റാണ്ടിൽ തന്നെ സജീവമായിരുന്ന മുസിരിസ് തുറമുഖം നിർമിച്ചത് എന്നാണെന്നു വ്യക്തമല്ല. സ്വർണത്തിന്റെയും കുരുമുളകിന്റെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും തുണിത്തരങ്ങളുടെയും വ്യാപാരത്തിനായി ഗ്രീക്ക്, റോമൻ, ഈജിപ്ഷ്യൻ വ്യാപാരികളുമായി മുസിരിസിലെ കച്ചവടക്കാർ ബന്ധങ്ങൾ സ്ഥാപിച്ചതിനും തെളിവുണ്ട്. ജൂതരുമായും അറബി, പോർച്ചുഗീസ്, ഡച്ച്, ചൈനീസ്, ബ്രിട്ടീഷ് വ്യാപാരികളുമായും മുസിരിസിനു വാണിജ്യ ബന്ധമുണ്ടായിരുന്നു. 1341-ൽ പെരിയാർ നദീതടത്തിനു സംഭവിച്ച പരിവർത്തനമാണു മുസിരിസിലെ തുറമുഖവും വാണിജ്യ പ്രാധാന്യവും നഷ്ടമാക്കിയതെന്നും അദ്ദേഹം വിലയിരുത്തി.

കെടിഎമ്മിനോടനുബന്ധിച്ചു ബോൾഗാട്ടിയിലെ മറീനയ്ക്കു സമീപത്തു മുസിരിസ് പൈതൃക പദ്ധതി പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.